ർ . ഇല്ല. അദ്ദേഹം ഇപ്പോൾ ആനന്ദപുരം അധ്യാപക കാളനായിലെ ഒന്നാറാ വാർഡനാണ . അദ്ദേഹത്തിന്റെ മേൽ യാതൊരു നടപടിയും നടത്തേണ്ട കാരണം ഉണ്ടായിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ഭജനമഠങ്ങളിൽ വിളക്ക് വയ്ക്കുവാൻ ആരെയെങ്കിലും ഗവമ്മെണ്ടിൽനിന്നു നിയമിച്ചിട്ടുണ്ടോ?

രാമവർമ്മ തമ്പുരാൻ.—പ്രത്യേകിച്ച് അതിലേയ്ക്കു ഒരാളേയും വച്ചിട്ടില്ല. അവിടെ താമസിയ്ക്കുന്നവരിൽ ആരെങ്കിലുമായിരിയ്ക്കും വിളക്കു വയ്ക്കുന്നത്.

മിസ്റ്റർ കെ. പി. വള്ളോൻ.—മുളവുകാട്ട് മാത്രം എന്തുകൊണ്ടാണ് ധനസഹായം ചെയ്യാതിരിയ്ക്കുന്നത്?

രാമവർമ്മ തമ്പുരാൻ.—പ്രത്യേകിച്ച് കാരണമൊന്നുമുണ്ടായിട്ടില്ല. അനവധി ദിക്കിൽ ചെയ്തുകൊടുക്കാതെയുണ്ട്. കുറച്ചു ദിക്കുകളിലെ ചെയ്തുകൊടുത്തിട്ടുള്ളു.

മിസ്റ്റർ കെ. പി. വള്ളോൻ.—മാളയിൽനിന്നും ഈ സന്ന്യാസിമാരെ ആനന്ദപുരത്തേയ്ക്കു മാറുവാനുണ്ടായ കാരണമെന്താണ്?

രാമവർമ്മ തമ്പുരാൻ.—നിശ്ചയമില്ല.

## Training in Co-operation

247. മിസ്റ്റർ കെ. പി. വള്ളോൻ.—സ്കൂൾഫൈനൽ ക്ലാസിൽ പഠിക്കുന്ന അധ്യാപക വിദ്യാർത്ഥി മിസ്റ്റർ അയ്യർ പരസ്പര സഹായ പരിശീലനത്തിനു് സംരക്ഷകനോടു് അപേക്ഷിച്ചിട്ടുണ്ടായിരുന്നോ; ഉണ്ടെങ്കിൽ അതിനു് എന്തു മറുപടിയാണു് നല്കിയതു?

രാമവർമ്മതമ്പുരാൻ.—സംരക്ഷകൻ വഴി ഗവമ്മെണ്ടിലേക്കു് അപേക്ഷിച്ചിരുന്നു. പ്രസ്തുത വിദ്യാർത്ഥിക്കു് വേണ്ട പരീക്ഷായോഗ്യത ഇല്ലാത്തതിനാൽ അപേക്ഷ അനുവദിച്ചില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ കോഓപ്പറേറീവു് പരീക്ഷീലനത്തിനു് എന്തു് കമ്മ്യൂണിക്കേഷൻ വേണം?

രാമവർമ്മ തമ്പുരാൻ.—സ്കൂൾ ഫൈനൽ വേണം.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—വേറെ വല്ലവരേയും അയച്ചിട്ടുണ്ടായിരുന്നോ?

രാമവർമ്മ തമ്പുരാൻ.—കോ-ഓപ്പറേറീവു് രജിസ്ട്രാർ ആഫീസിൽ ജോലി ചെയ്യുന്ന ഒരാളെ എടുത്തിട്ടുണ്ടു്. അയാൾ കുറച്ചുകാലം ഇൻസ്പെക്ടറായി ആക്ട് ചെയ്തിട്ടുമുണ്ടു്. അങ്ങിനെ ഒരാളെ എടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly